# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1544** **01.11.2019 ൽ മറുപടിയ്ക്ക്**

**അതിരപ്പിള്ളി ട്രൈബൽ വാലി പ്രോജക്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ആസൂത്രണം ചെയ്തിട്ടുള്ള അതിരപ്പിള്ളി ട്രൈബൽ വാലി പ്രോജക്ടിന്റെ സാക്ഷാത്ക്കാരത്തിനായി എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

ബി) പ്രസ്തുത പ്രോജക്ട് യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

എ) & ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി കൃഷി വകുപ്പ് തികച്ചും പ്രകൃതിദത്ത കൃഷിരീതി അവലംബിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്ട്. അതിരപ്പിള്ളി ആദിവാസിമേഖലയിലെ കർഷകരുടെ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, വിപണനത്തിനും, ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും, കാർഷിക മേഖലയിൽ വിവിധ ഇടപെടലുകൾ നടത്തി, അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ഉതകുന്ന 13 ഘടകങ്ങൾ ഉൾപ്പെടുത്തി 8.46 കോടി രൂപയുടെ 3 വർഷത്തേയ്ക്ക് നടപ്പാക്കുന്ന സമഗ്രമായ ഒരു പ്രോജക്ട്, റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (RKI) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ ടി മേഖലയിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിപണനം നടത്തുന്നതിനും, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന പദ്ധതിരേഖ കേന്ദ്രഗവൺമെന്റ് പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാകുന്നതിന്, ടി പദ്ധതി രേഖ കേന്ദ്രഗവൺമെന്റ് ഏജൻസിയായ ട്രൈഫെഡ്(TRIFED)-ന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ

ട്രൈഫെഡ്(TRIFED)-ന്റെ രാജ്യത്താകമാനമുള്ള വിവിധ ഔട്ട്‌ലറ്റുകൾ വഴി അതിരപ്പിള്ളി ട്രൈബൽ മേഖലയിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**